ഉത്തരം

(എ) 1977-78-ൽ കൃഷിക്കാർക്ക് 54.55 കോടി രൂപാ വായ്പ അനുവദിച്ചിട്ടുണ്ട്. (ജൂലായിൽ തുടങ്ങി അടുത്ത ജൂണിൽ അവസാനിക്കുന്ന സഹകരണ വർഷത്തിന്റെ അടിസ്ഥാനത്തിലാണ് സഹകരണ സംഘങ്ങൾ കണക്കുകൾ സൂക്ഷിക്കുന്നത്.)

(ബി) 7.55 കോടി രൂപ ലഭിച്ചിട്ടുണ്ട്.

കൊച്ചുതോവാള കൺസ്യൂമർ സ്റ്റോറുകൾ

1171 [1865] ശ്രീ. സി.എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലുള്ള കൊച്ചുതോവാള കൺസ്യൂമർ സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇതിന് എത്ര ബ്രാഞ്ചുകൾ ഉണ്ടായിരുന്നു; അവ എവിടെയെല്ലാം പ്രവർത്തിച്ചിരുന്നു. ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ഈ സംഘത്തിന് ഗവൺമെന്റിൽനിന്നും ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുക; ഇപ്പോൾ ഈ സംഘത്തിന്റെ മൂലധനം, ധനസഹായവും സംഘത്തിന്റെ മോശമായ നടത്തിപ്പുമൂലം തീർന്നതായി പറയുന്നതു ശരിയാണോ;

(ഡി) ഈ സംഘത്തിന്റെ ഡയറക്ടർമാരിൽനിന്ന് നഷ്ടപ്പെട്ട തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) കൊച്ചുതോവാള ഹെഡ്ക്വാർട്ടേഴ്സിൽ ഒരു സ്റ്റോറും, പുളിയന്മലയിൽ ഒരു മാംസ്റ്റി റൂം ഷോപ്പും ഉണ്ടായിരുന്നു. ഇപ്പോൾ അവ രണ്ടും പ്രവർത്തനരഹിതമാണ്.

(സി) മൂലധനവും ധനസഹായവും ഉൾപ്പെടെ ഈ സംഘത്തിന് ആകെ 21.025 രൂപ നൽകിയിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും സംഘത്തിന്റെ മോശമായ നടത്തിപ്പുമൂലം. നഷ്ടപ്പെട്ടിട്ടുണ്ട്.

(ഡി) സഹകരണസംഘം നിയമമനുസരിച്ച് ചുമതലപ്പെട്ടവരിൽ നിന്നും നഷ്ടം ഈടാക്കാൻ നടപടി എടുക്കുന്നതാണ്.

കരം സ്വീകരിക്കാത്തതിന്റെ കാരണം

1172 [1866] ശ്രീ. സി.എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്കിൽ പെരുവന്താനം വില്ലേജിൽപ്പെട്ട പളളിയങ്കാവിലെ മുപ്പത്തു കൃഷിക്കാർക്ക് ലാൻഡ് ബോർഡിൽകൂടി ഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ഇവരുടെ ഭൂമിക്കുള്ള കരം വില്ലേജ് ആഫീസിൽ സ്വീകരിക്കാത്തതിന്റെ കാരണമെന്താണ്;

(സി) ഉടനെ കരം സ്വീകരിക്കുവാൻ ഉത്തരവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly